# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 3829

## 21.06.2019 - ലെ മറുപടിയ്ക്ക്

### ട്രഷറി ഡയറക്ടറുടെ സർക്കുലർ

| ചോദ്യം | | മറുപടി |
| --- | --- | --- |
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി<br>ഡോ. റ്റി.എം. തോമസ് ഐസക് |
| (എ) | പേരിനൊപ്പം ബാങ്ക് എന്ന് ചേർത്താൽ നിക്ഷേപത്തിന് നികുതിയിളവ് നൽകരുതെന്ന് ട്രഷറി ഡയറക്ടർ സംസ്ഥാനത്തെ ട്രഷറികൾക്ക് നിർദ്ദേശം നൽകിയ കാര്യം പരിശോധിക്കുമോ ; | റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ അനുമതി കൂടാതെ പല സഹകരണ സൊസൈറ്റികളും അവരുടെ പേരിനൊപ്പം Service Co-operative Bank, Co-operative Rural Bank, Town Service Co-operative Bank എന്നിങ്ങനെ പേര് ചേർത്ത് ആദായ നികുതി നിയമത്തിലെ Rule 194-A (3)(III)(a) പ്രകാരമുള്ള നികുതി ഇളവ് നേടുന്നതായി ആദായ നികുതി കമ്മിഷണർ 02.11.2018 – ലെ F.No.CR.35/CIT/(TDS)/CHN 2018-19 കത്തിൻ പ്രകാരം ട്രഷറി ഡയറക്ടറെ അറിയിച്ചിട്ടുള്ളതിനാൽ, ബാങ്കിംഗ് ബിസിനസ് നടത്താൻ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ അനുമതിയില്ലാത്തതും പ്രതിവർഷം ആദായ നികുതി വകുപ്പിൽ നിന്നും ലഭ്യമാക്കുന്ന Income Tax Act 197 അനുസരിച്ചുള്ള Non Deduction സർട്ടിഫിക്കറ്റ് നൽകാത്തതുമായ സഹകരണ സൊസൈറ്റികളുടെ നിക്ഷേപ പലിശയ്ക്കുള്ള ആദായ നികുതി നിയമാനുസൃതമായി കുറവ് വരുത്താതിരുന്നാൽ, Deductor എന്ന നിലയിൽ ട്രഷറി ഓഫീസർമാർക്ക് ആദായ നികുതി വകുപ്പിൽ നിന്നും നിക്ഷേപ പലിശയ്ക്കുള്ള ആദായ നികുതിയ്ക്ക് സമാനമായ പിഴത്തുക അടയ്ക്കേണ്ടി വരുമെന്നുള്ളതിനാലാണ് ആദായ നികുതി നിയമത്തിലെ Rule 194-A പ്രകാരം ആദായ നികുതി ഈടാക്കാൻ 5.2.2018 - ലെ 58/2018 നമ്പർ സർക്കുലർ പ്രകാരം ട്രഷറി ഡയറക്ടർ ട്രഷറി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്. |

| | | |
|---|---|---|
| (ബി) | സഹകരണ സംഘങ്ങളുടെ ട്രഷറി നിക്ഷേപങ്ങൾക്ക് നികുതി ഈടാക്കുന്നത് നിയമവിരുദ്ധവും ആദായനികുതി നിയമത്തിലെ 194 എ വകുപ്പിന്റെ ലംഘനവുമാണെന്ന ഹൈക്കോടതിയുടെ ഉത്തരവ് പരിശോധിക്കുമോ ; | ആദായ നികുതി നിയമത്തിലെ Rule 194-A പ്രകാരം സഹകരണ സൊസൈറ്റികളുടെ നിക്ഷേപ പലിശയ്ക്കുള്ള ആദായ നികുതി സ്രോതസ്സിൽ നിന്ന് കുറവ് വരുത്തുന്നതിനെതിരെ നിലവിൽ ഹൈക്കോടതി ഉത്തരവ് ഉള്ളതായി അറിവില്ല. എന്നാൽ, സഹകരണ സൊസൈറ്റികൾക്ക് ആദായ നികുതി നിയമത്തിലെ Rule 80(P) പ്രകാരമുള്ള ആനുകൂല്യം ലഭിക്കുമെന്ന ഉത്തരവ് നിലവിലുണ്ട്. ഈ സൊസൈറ്റികൾ റിട്ടേൺ സമർപ്പിക്കുമ്പോൾ മാത്രമാണ് Rule 80(P) യുടെ ആനുകൂല്യം ലഭ്യമാകുന്നത്. നിലവിൽ റ്റി.ഡി.എസ്. കുറവ് ചെയ്യുന്നതിനെതിരെ പല സഹകരണ സൊസൈറ്റികളും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിന്നും താൽക്കാലിക സ്റ്റേ ഉത്തരവ് സമ്പാദിച്ചിട്ടുണ്ട്. ഈ ഉത്തരവ് നേടിയിട്ടുള്ള സൊസൈറ്റികളിൽ നിന്നും ട്രഷറികളിൽ റ്റി.ഡി.എസ്. കുറവ് ചെയ്യുന്നത് ഒഴിവാക്കിയിട്ടുണ്ട്. |
| (സി) | സംഘങ്ങളുടെ ട്രഷറിയിലെ നിക്ഷേപങ്ങൾക്ക് നികുതി പിടിക്കില്ലെന്ന ധനകാര്യ സെക്രട്ടറിയുടെ നിർദ്ദേശത്തിന് വിപരീതമായ ട്രഷറി ഡയറക്ടറുടെ സർക്കുലർ റദ്ദ് ചെയ്യുമോ; വ്യക്തമാക്കുമോ ? | അത്തരമൊരു ഔദ്യോഗിക നിർദ്ദേശമൊന്നും ധനകാര്യ സെക്രട്ടറി പുറപ്പെടുവിച്ചിട്ടില്ല. |

Mayi. Cn

**സെക്ഷൻ ഓഫീസർ**